പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3823 — 17/10/2011-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതികൾ

ചോദ്യം — ശ്രീ.പി.കെ.ബഷീർ :

മറുപടി — കുമാരി. പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1.ഫുഡ് സപ്പോർട്ട് പ്രോഗ്രാം.<br>2. കുടിവെള്ള പദ്ധതി<br>3. വൈദ്യുതീകരണം<br>4. റോഡ് നിർമ്മാണവും, മറ്റ് അടിസ്ഥാനസൗകര്യ വികസനവും.<br>5. വിവിധ അസുഖങ്ങൾ പിടിപ്പെട്ടവർക്കായി ആരോഗ്യ സംരക്ഷണ പാക്കേജ്<br>6. പ്രീ-മെട്രിക് ഹോസ്റ്റലുകൾ.<br>7. MRS കൾ/ആശ്രമം സ്കൂളുകൾ<br>8. മാനന്തവാടി, ഇടുക്കി, അട്ടപ്പാടി എന്നിവിടങ്ങളിൽ ഹെൽത്ത് പ്രോജക്റ്റുകൾ<br>9. വിദ്യാഭ്യാസത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ.<br>10.പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം.<br>11.പ്രാക്തന ഗോത്രവിഭാഗങ്ങൾക്ക് പ്രത്യേക പദ്ധതികൾ.<br>12.ഭവന നിർമ്മാണ പദ്ധതികൾ.<br>13.ഭൂരഹിതരായ ആദിവാസികളുടെ പുനരധിവാസം.<br>14.വനത്തിൽ അധിവസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ഉന്നമനം.<br>15. ജീവനോപാധി പ്രവർത്തനങ്ങൾക്ക് സഹായം<br>മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കോർപ്പസ് ഫണ്ട് , പൂൾഡ് ഫണ്ട് തുടങ്ങിയ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | മറ്റ് വകുപ്പുകളുമായി ചേർന്ന് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി)<br><br><br><br>(സി) | പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന പ്രദേശത്ത് റോഡ്,കിണർ,വൈദ്യുതി, വീട് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനായി പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ;<br><br>എങ്കിൽ ഇവയ്ക്ക് ഓരോന്നിനും അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കുമോ | (ബി)<br>&<br>(സി) | ഉണ്ട്.<br>ഭവനരഹിതരായ പട്ടികവർഗ്ഗകാർക്ക് വീട് വയ്ക്കുന്നതിനായി 2011-12 സാമ്പത്തിക വർഷം 1500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന പ്രദേശത്ത് റോഡ്, കിണർ, വൈദ്യുതി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനായി 2011-12 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിനത്തിൽ 1964ലക്ഷം രൂപയും പൂൾഡ് ഫണ്ടിനത്തിൽ 1060 ലക്ഷം രൂപയും ആർട്ടിക്കിൾ 275(1) പ്രകാരം 328 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഓരോ ജില്ലകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾക്കനുസരിച്ച് ടി തുക റോഡ്, കിണർ, വൈദ്യുതി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനായി വിനിയോഗിച്ചു വരുന്നു. |
| (ഡി) | ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ? | (ഡി) | 51% ത്തിൽ കൂടുതൽ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന മേഖലകളിൽ നിന്നും ലഭിക്കുന്ന പദ്ധതികൾക്കാണ് അംഗീകാരം നൽകിവരുന്നത്. പ്രസ്തുത പദ്ധതികൾ ജില്ലാതലവർക്കിംഗ് ഗ്രൂപ്പിന്റെയും സംസ്ഥാനതലവർക്കിംഗ് ഗ്രൂപ്പിന്റെയും അനുമതി ലഭിച്ചതിനുശേഷം അതാത് ഇംപ്ലിമെന്റിംഗ് ഏജൻസികൾക്ക് ഫണ്ട് അനുവദിച്ച് നൽകുകയാണ് പതിവ്. |

സെക്ഷൻ ഓഫീസർ